REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 27-10-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തെരുവുനായ പ്രശ്നത്തിൽ സത്യവാങ്മൂലം നൽകാത്ത കേരളത്തിലെ ഉൾപ്പെടെ സംസ്ഥാന ചീഫ് സെക്രട്ടറിമാർ നവംബർ മൂന്നിന് നേരിട്ട് ഹാജരാകണമെന്ന് സുപ്രീംകോടതി.**
- **യാത്രക്കാർക്ക് സൗകര്യപ്രദമായ ശുചിമുറി കണ്ടെത്തുന്നതിന് 'ക്ലൂ' ആപ്പ് തയ്യാറാക്കിയതായി മന്ത്രി MB രാജേഷ്.**
- **ശബരിമല വിഷയത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് PM ശ്രീ വിവാദം കൊണ്ടുവരുന്നതെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ.**
- **PM കുസും പദ്ധതികളിൽ ഒരു ലക്ഷം കാർഷിക പമ്പുകളുടെ സൗരോർജ്ജവത്ക്കരണത്തിന് സംസ്ഥാനം ലക്ഷ്യമിടുന്നതായി മന്ത്രി K കൃഷ്ണൻകുട്ടി.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ചാമ്പ്യൻപട്ടത്തിന് തൊട്ടരികിൽ.**

## വാർത്തകൾ വിശദമായി

തെരുവുനായ പ്രശ്നത്തിൽ സത്യവാങ്മൂലം നൽകാത്ത കേരളത്തിലെ ഉൾപ്പെടെ സംസ്ഥാന ചീഫ് സെക്രട്ടറിമാർ നവംബർ മൂന്നിന് നേരിട്ട് ഹാജരാജകണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടു. നിരവധി സംസ്ഥാനങ്ങൾ കൃത്യമായി മറുപടി നൽകാത്തതിൽ സുപ്രീംകോടതി പ്രകടമായ അതൃപ്തിയും അറിയിച്ചു. തെലങ്കാന, പശ്ചിമബംഗാൾ, ഡൽഹി മുൻസിപ്പൽ കോർപറേഷൻ എന്നിവയൊഴികെ ഒരു സംസ്ഥാനവും കൃത്യമായി മറുപടി നൽകിയിട്ടില്ലെന്ന്

കോടതി അറിയിച്ചു. ഇതിന് കാരണം നേരിൽ ഹാജരായി അറിയിക്കാനാണ് കോടതിയുടെ നിർദ്ദേശം.

✪✪✪

രാജ്യത്തെ ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ഛഠ് മഹാപർവ് ആശംസ നേർന്നു. ഈ ഉത്സവം എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും സമൃദ്ധിയും കൊണ്ടുവരുമെന്നും പരിസ്ഥിതി സംരക്ഷണത്തിന് പ്രചോദനം നൽകുമെന്നും രാഷ്ട്രപതി സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

ആഭ്യന്തരമന്ത്രി അമിത് ഷായും ഛഠ് മഹാപർവ് ആശംസകൾ നേർന്നു. എല്ലാവരുടേയും ജീവിതത്തിൽ ഛഠ്പൂജയുടെ ഉത്സവം ആവേശവും പുതിയ ഊർജ്ജവും സമൃദ്ധിയും നിറയ്ക്കട്ടെയെന്ന് അമിത് ഷാ ആശംസിച്ചു.

✪✪✪

രാജ്യത്ത് വിജിലൻസ് ബോധവത്കരണ വാരാചരണത്തിന് ഇന്ന് തുടക്കം. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭ് ഭായ് പട്ടേലിനോട് ആദരസൂചകമായാണ് വാരാചരണം സംഘടിപ്പിക്കുന്നത്. സുരക്ഷ, നമ്മുടെ പങ്കാളിത്ത ഉത്തരവാദിത്തം എന്നതാണ് ഇത്തവണത്തെ പ്രമേയം. ഇന്നലെ മൻ കി ബാതിൽ പ്രധാനമന്ത്രി ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. അടുത്തമാസം 2 ന് വാരാചരണം സമാപിക്കും.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഈ മാസം 31-ന് രാജ്യമെമ്പാടും റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും. പട്ടേലിനെയും ഏകീകൃത ദർശനത്തെയും ആദരിക്കാൻ റൺ ഫോർ യൂണിറ്റിയിൽ പങ്കാളികളാവണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹികമാധ്യമത്തിൽ ജനങ്ങളോട് അഭ്യർത്ഥിച്ചു.

✪✪✪

അടുത്ത വർഷം നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണ തിയതികൾ വൈകിട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചേക്കും. ന്യൂഡൽഹിയിലെ കമ്മീഷൻ ആസ്ഥാനത്ത് വൈകിട്ട് മാധ്യമങ്ങളെ കാണുമെന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, അസം സംസ്ഥാനങ്ങളിൽ അടുത്ത വർഷമാണ് നിയമസഭാ തിരഞ്ഞെടുപ്പ്.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങളിൽ ആശയവിനിമയത്തിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു. ബുധനാഴ്ച രാവിലെ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിലാണ് യോഗം. ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ ഓരോ പ്രതിനിധിക്ക് യോഗത്തിൽ പങ്കെടുക്കാമെന്ന് കമ്മീഷൻ അറിയിച്ചു.

✪✪✪

യാത്രക്കാർക്ക് സൗകര്യപ്രദമായ ശുചിമുറി കണ്ടെത്തുന്നതിന് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയുടെ സഹകരണത്തോടുകൂടി ‘ക്ലൂ’ ആപ്പ് തയ്യാറാക്കിയതായി മന്ത്രി MB രാജേഷ് അറിയിച്ചു. ‘കേരള ലൂ’ എന്നതിന്റെ ചുരുക്കെഴുത്തായാണ് ആപ്പിന് ക്ലൂ എന്ന പേര് നൽകിയതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. തദ്ദേശഭരണ വകുപ്പിന്റെ മാലിന്യമുക്തം നവകേരളം പദ്ധതിയിൽ ശുചിത്വമിഷനാണ് ആപ്പ് ആവിഷ്ക്കരിച്ചത്. വൈകാതെ ആൻഡ്രോയ്ഡ്, IOS പ്ലാറ്റ്ഫോമുകളിൽ ആപ്പ് ലഭ്യമാകും. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ശുചിമുറികൾ ലഭ്യമായ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നാളെ ആരംഭിക്കുമെന്നും MB രാജേഷ് വ്യക്തമാക്കി.

✪✪✪

PM ശ്രീ വിഷയത്തിൽ CPI മായി അനുനയ നീക്കം തുടരാൻ തിരുവനന്തപുരത്ത് ചേർന്ന CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനിച്ചു. ഇടത് മുന്നണി യോഗം അടിയന്തരമായി വിളിച്ച് വിഷയം ചർച്ച ചെയ്യാനും തീരുമാനമായി.

മുഖ്യമന്ത്രി പിണറായി വിജയൻ CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവുമായി വിഷയത്തിൽ കൂടിക്കാഴ്ച നടത്തും.

✪✪✪

CPI സംസ്ഥാന എക്സിക്യൂട്ടീവ് യോഗം ആലപ്പുഴയിൽ ആരംഭിച്ചു. PM ശ്രീ വിഷയത്തിൽ ഏകപക്ഷീയമായ നിലപാടെടുത്ത CPIM തീരുമാനം യോഗത്തിൽ ചർച്ചയാകും. ബിനോയ് വിശ്വം അടക്കം പാർട്ടിയുടെ മുതിർന്ന നേതാക്കൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ശബരിമല വിഷയത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനാണ് PM ശ്രീ വിവാദം കൊണ്ടുവരുന്നതെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ശബരിമല സ്വർണ്ണക്കവർച്ചയുടെ ധാർമ്മിക ഉത്തരവാദിത്വം

ഏറ്റെടുത്ത് മന്ത്രി V.N വാസവൻ രാജിവെക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പേര് മാറ്റി സ്വന്തമാക്കാൻ പിണറായി ഗവൺമെന്റ് ശ്രമിക്കുകയാണെന്ന് രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. കഴിഞ്ഞ പത്തു വർഷമായി 17 കോടി ജനങ്ങൾ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായതായി ലോകബാങ്ക് റിപ്പോർട്ടിൽ പറയുന്നുണ്ട്. നരേന്ദ്രമോദി ഗവൺമെന്റിന്റെ ശ്രമഫലമായാണ് രാജ്യത്തെ ദരിദ്രരുടെ എണ്ണത്തിൽ ഇത്രയേറെ കുറവ് വരുത്താനായത്.

കേരളത്തിൽ ഈ കാലയളവിൽ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായത് രണ്ട് ലക്ഷത്തി 72,000 പേർ മാത്രമാണ്. പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന, തൊഴിലുറപ്പ് പദ്ധതി, പ്രധാൻമന്ത്രി ആവാസ് യോജന, ആയുഷ്മാൻ ഭാരത്, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾ വഴിയാണ് രാജ്യത്തെ ദരിദ്രരുടെ എണ്ണം കുറയ്ക്കാനായത്. ഇത് മറച്ചുവെച്ച് നേട്ടം സ്വന്തമാക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ വിലയിരുത്തി.

✪✪✪

ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് തികച്ചും അവാസ്തവമായ പ്രചാരണങ്ങളാണ് നടത്തുന്നതെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് മാധ്യമങ്ങളോട് പറഞ്ഞു. കസ്തൂരിരംഗൻ അടക്കം വിദ്യാഭ്യാസമേഖലയിലെ പ്രമുഖരുമായി ചർച്ചകളിലൂടെ രൂപപ്പെടുത്തി എടുത്തതാണ് ദേശീയ വിദ്യാഭ്യാസനയമെന്നും അദ്ദേഹം കോഴിക്കോട്ടു പറഞ്ഞു. ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ സംസ്ഥാനങ്ങളിൽ പുതിയ വിദ്യാഭ്യാസനയം നടപ്പിലാക്കി വരുന്നുണ്ടെന്നും MT രമേശ് അറിയിച്ചു.

✪✪✪

PM കുസും പദ്ധതികളിൽ ഒരു ലക്ഷം കാർഷിക പമ്പുകളുടെ സൗരോർജ്ജവത്ക്കരണത്തിനാണ് സംസ്ഥാനം ലക്ഷ്യമിടുന്നതെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ഈ പദ്ധതിയിൽ കർഷകർക്ക് സാമ്പത്തിക മുതൽമുടക്കില്ലെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. സോളാർ പാനൽ സ്ഥാപിക്കുന്നതിന്റെ ചെലവ് 60 ശതമാനം കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളും, ബാക്കി 40 ശതമാനം നബാർഡും വഹിക്കുമെന്ന് അദ്ദേഹം അറിയിച്ചു. വായ്പ അടച്ചുതീർത്ത ശേഷം അധികവൈദ്യുതി KSEB ഗ്രിഡിന് വിറ്റ് കർഷകർക്ക് വരുമാനം നേടാമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോടിനെ അതിദാരിദ്ര്യമുക്ത ജില്ലയായി നാളെ പ്രഖ്യാപിക്കും. നവംബർ ഒന്നിന്  കേരളത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായാണ് ജില്ലാതല പ്രഖ്യാപനം. രാവിലെ മന്ത്രി AK ശശീന്ദ്രൻ SK പൊറ്റക്കാട് ഹാളിൽ പ്രഖ്യാപനം നടത്തും. ഒരു തൈ നടാം ക്യാമ്പയിൻ ലക്ഷ്യത്തിലെത്തിയതിന്റെ പ്രഖ്യാപനവും അദ്ദേഹം നടത്തും.

✪✪✪

പാലക്കാട് നഗരസഭയുടെ ഏതാനും പദ്ധതികൾ ഉച്ചക്ക് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാടിന് സമർപ്പിക്കും. നഗരസഭ ഓഫീസ് പരിസരത്തെ ചടങ്ങിൽ ആധുനിക സെപ്റ്റേജ് ട്രാൻസ്പോർട്ടേഷൻ വാഹനവും ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം  ചാമ്പ്യൻപട്ടത്തിന് തൊട്ടരികിൽ.  1,642 പോയിന്റ് നേടിയ തിരുവനന്തപുരത്തിനു പിന്നിൽ, 810 പോയിന്റോടെ തൃശ്ശൂരാണ് രണ്ടാം സ്ഥാനത്ത്. മേള നാളെ സമാപിക്കും. സമാപനചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ 117.5 പവൻ സ്വർണക്കപ്പ് ഓവറോൾ ചാമ്പ്യന്മാർക്ക് കൈമാറും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഗെയിംസിലും അക്വാട്ടിക്സിലും തിരുവനന്തപുരം തന്നെയാണ് മുന്നിൽ. ഗെയിംസിൽ 535  ഇനങ്ങൾ പൂർത്തിയായപ്പോൾ തിരുവനന്തപുരത്തിന് 933 പോയിന്റ് ഉണ്ട്.  682 പോയിന്റുമായി കണ്ണൂരാണ് രണ്ടാം സ്ഥാനത്ത്.

അക്വാട്ടിക്സിൽ മുഴുവൻ ഇനങ്ങളും പൂർത്തിയായപ്പോൾ തിരുവനന്തപുരം 649 പോയിന്റ് നേടി. രണ്ടാം സ്ഥാനക്കാരായ തൃശൂരിന് 149 പോയിന്റ് ലഭിച്ചു.

അത്‌ലറ്റിക്സിൽ മലപ്പുറമാണ് മുന്നിൽ. 96 ഇനങ്ങളിൽ 72 എണ്ണം പൂർത്തിയായപ്പോൾ അവർക്ക് 163 പോയിന്റ് ഉണ്ട്. തൊട്ട് പിന്നിൽ 162 പോയിന്റോടെ പാലക്കാടാണ്.

അത്‌ലറ്റിക്സ് സ്കൂൾ വിഭാഗത്തിൽ കടകശ്ശേരി ഐഡിയൽ ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളാണ് ഒന്നാം സ്ഥാനത്ത്. 39 പോയിന്റുമായി തിരുനാവായ നാവാമുകുന്ദ ഹയർ സെക്കണ്ടറിയും, 38 പോയിന്റുമായി പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറിയും ഉണ്ട്.

സംസ്ഥാന സ്കൂൾ കായികമേളയിൽ ഇത്തവണ ആദ്യമായി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ സ്വർണക്കപ്പിനെ വരവേൽക്കാൻ ഉച്ച കഴിഞ്ഞ് തിരുവനന്തപുരം കിഴക്കേകോട്ടയിൽ നിന്ന് വിപുലമായ ഘോഷയാത്ര സംഘടിപ്പിക്കും. സ്വർണക്കപ്പുമായി എത്തുന്ന വാഹനത്തെ അഞ്ഞൂറ് ബൈക്കുകൾ അകമ്പടി സേവിക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ ഘോഷയാത്രയുടെ സമാപനചടങ്ങിൽ സ്വർണക്കപ്പ് വിദ്യാഭ്യാസ വകുപ്പിനും മന്ത്രിക്കും ഔദ്യോഗികമായി കൈമാറും.

✪✪✪

ഇന്ത്യൻ ഏകദിന ക്രിക്കറ്റ് ടീം വൈസ് ക്യാപ്റ്റൻ ശ്രേയസ് അയ്യരെ സിഡ്നിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശനിയാഴ്ച ഓസ്ട്രേലിയക്കെതിരെ കളിക്കുമ്പോൾ വാരിയെല്ലിനേറ്റ പരിക്കിനെ തുടർന്നാണ് താരത്തെ ആശുപത്രിയിലാക്കിയതെന്ന് ഇയാൻസ് റിപ്പോർട്ടിൽ പറയുന്നു.

✪✪✪

സംസ്ഥാനത്ത് ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത  കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

ഈ വർഷത്തെ വക്കം മൗലവി സ്മാരക പുരസ്കാരത്തിന് മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ G പ്രിയദർശനനെ തിരഞ്ഞെടുത്തു. മാധ്യമരംഗത്തെ മികച്ച സേവനത്തിനും, പത്രസ്വാതന്ത്ര്യ പ്രവർത്തനങ്ങളും പരിഗണിച്ചാണ് അവാർഡ്.  പത്രപ്രവർത്തനത്തിനു പുറമെ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുകൂടിയാണ് പ്രിയദർശനൻ.

ശ്രീനാരായണ ഗുരു സുവർണരേഖകൾ, കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ, ആശാന്റെ അറിയപ്പെടാത്ത മുഖങ്ങൾ എന്നിവയടക്കം നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കദമിയുടെ സമഗ്ര സംഭാവനാ പുരസ്കാരവും, മീഡിയ അക്കാദമിയുടെ മുതിർന്ന പത്രപ്രവർത്തക ആദരവും നേടിയിട്ടുണ്ട്. ഡിസംബറിൽ പുരസ്കാരം സമ്മാനിക്കും.

✪✪✪

വയലാർ അവാർഡ് ഇന്ന് തിരുവനന്തപുരത്ത് സമ്മാനിക്കും. E സന്തോഷ് കുമാർ രചിച്ച തപോമയിയുടെ അച്ഛൻ എന്ന കൃതിയാണ് ഈ വർഷത്തെ വയലാർ അവാർഡിന് അർഹമായത്.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 840 രൂപ കുറഞ്ഞ് 91,280 രൂപയായി- 11,410 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪

സംസ്ഥാനത്തെ ജില്ലാ കളക്ടർമാർ മന്ത്രി K. രാജനൊപ്പം തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ചു. സുവോളജിക്കൽ പാർക്കിലെ ജീവികൾക്കായി ഒരുക്കിയ ആവാസ ഇടങ്ങളെക്കുറിച്ചും അവയുടെ പ്രത്യേകതകളെ ക്കുറിച്ചും മന്ത്രി K. രാജൻ കളക്ടർമാർക്ക് വിവരങ്ങൾ കൈമാറി.

നേരത്തെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ നവീകരണം പൂർത്തിയാക്കിയ ചാത്തൻകുളം മന്ത്രി K രാജൻ നാടിന് സമർപ്പിച്ചു.

✪✪✪

ആലപ്പുഴയിൽ പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണം ഇന്ന് സമാപിക്കും. രാവിലെ വലിയ ചുടുകാട് രക്തസാക്ഷി സ്മാരകത്തിൽ നിന്നും വയലാറിലേക്ക് ദീപശിഖ പ്രയാണം ആരംഭിച്ചു. വൈകിട്ട് വയലാറിലെ പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും പങ്കെടുക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*